## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1830 — 04/10/2011-ൽ മറുപടിക്ക്

### ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കൂൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് സ്കൂളുകൾക്ക് പ്രത്യേകം ധനസഹായം നൽകുന്നത് പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. സർക്കാരിന്റെ 24-07-2007 ലെ ജി. ഒ. (എം. എസ്) 183/2007/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ സഹായത്തോടെ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. വിവിധ പുനരധിവാസ പദ്ധതികളുടെ ആകെ ചെലവ് 50:30:20 എന്ന അനുപാതത്തിൽ ഗ്രാമ/ ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളിലായി വിഭജിക്കുന്നതിനും ഈ ആവശ്യത്തിന് വികസന ഫണ്ട്/പൊതു ആവശ്യ ഫണ്ട്/തനത് ഫണ്ട് എന്നിവ ഉപയോഗിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരമുള്ള അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന/കേന്ദ്ര ഗ്രാന്റുകളും ലഭ്യമാകുന്നതാണ്. |
| (ബി) ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട കരവാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു സ്കൂൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കാമോ; | (ബി) കരവാരം ഗ്രാമപഞ്ചായത്തിൽ 2011-12 ജനകീയാസൂത്രണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പോഷകാഹാരവും പരിശീലകർക്ക് വേതനവും നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 2,76,000/- രൂപ വകയിരുത്തിയ പദ്ധതിക്ക് ഡി.പി.സി. |

അംഗീകാരം ലഭിച്ചിട്ടുണ്ട്. പഴയ പഞ്ചായത്താഫീസ് കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ആകെ 26 കുട്ടികൾക്ക് ഈ സ്കൂളിൽ പരിശീലനം നൽകി വരുന്നു.

(സി) ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയിൽ ഒരു നിശ്ചിത തുക നീക്കി വയ്ക്കുവാൻ നിർദ്ദേശം നൽകാമോ?

(സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പദ്ധതി വിഹിതത്തിന്റെ 3%-ൽ കുറയാത്ത തുക വികലാംഗ ക്ഷേമത്തിനായി നീക്കിവയ്ക്കണമെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

മേൽപറഞ്ഞതു കൂടാതെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തണമെന്നും ഉത്തരവുണ്ട്.

1) വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വികസന ഫണ്ടിൽ നിന്നും ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് ഓണറേറിയം നൽകണം

2) ബഡ്സ് സ്കൂൾ കുട്ടികൾക്ക് പോഷകാഹാരത്തിനു ചെലവ് പ്ലാൻ ഫണ്ടിൽ വകയിരുത്തണം

3) ബഡ്സ് സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടം, കുടിവെള്ള സൗകര്യം, ചികിത്സാ ഉപകരണങ്ങൾ, വാഹനം തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തേതാണ്.

4) ഫർണീച്ചർ, തൊഴിൽ പരിശീലന വർക്ക് ഷെഡ്, പഠനോപകരണങ്ങൾ, കളി ഉപകരണങ്ങൾ, ചികിത്സാ ഉപകരണങ്ങൾ, മരുന്ന് തുടങ്ങിയവയ്ക്ക് റോഡിതര

വാഹനത്തിന്റെ ഇന്ധനം, അറ്റകുറ്റ പണികൾ, സർവ്വീസ്, ഇൻഷുറൻസ്, റോഡ് ടാക്സ് തുടങ്ങിയ ചെലവുകൾക്ക് റോഡിതര മെയിന്റിനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

6) വാഹനത്തിന്റെ ഡ്രൈവറുടെ വേതനം തനതു ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മാനേജ്മെന്റ് സമിതി ഫണ്ട് എന്നിവയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ